# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5255 — 05.07.2012 ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ എവിയെല്ലാമാണ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ പ്രവർത്തിക്കുന്നത്; | (എ) ആറ്റിങ്ങൽ, ആറ്റിങ്ങൽ (മോർണിംഗ് & ഈവനിംഗ്), കവലയൂർ, കിളിമാനൂർ, കാരേറ്റ് എന്നിവടങ്ങളിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ പ്രവർത്തിക്കുന്നു. |
| (ബി) ശാഖകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) 1. സഹകരണ നിയമം വകുപ്പ് 74 (ബി) യിലെ വ്യവസ്ഥകൾക്കനുസൃതമായി (1) നിർദ്ദിഷ്ട ശാഖ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിലെ ബിസിനസ്സ് സാധ്യതകളെ സംബന്ധിച്ച് ബാങ്ക് ഒരു വാർഷിക പ്ലാൻ തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതും ശാഖകളുടെ അപേക്ഷയോടൊപ്പം വാർഷിക പ്ലാൻ സമർപ്പിക്കേണ്ടതുമാണ്.<br>2. ബാങ്കുകൾ നാളിതുവരെ ആരംഭിച്ച ശാഖകളുടെ കഴിഞ്ഞ 3 വർഷത്തെ ലാഭക്ഷമത സംബന്ധിച്ച് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ശാഖയിലൂടെ ലഭിക്കുമെന്ന് കണക്കാക്കുന്ന ലാഭത്തിന്റെ വിവരവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>3. ശാഖകൾ ആരംഭിക്കുമ്പോൾ ബാങ്കിംഗ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ആരംഭിക്കുവാൻ മുൻഗണന നൽകണം. നിർദ്ദിഷ്ട ശാഖകൾ ആരംഭിക്കാനുള്ള സ്ഥലത്ത് കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളും |

ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

4. നിർദ്ദിഷ്ട ശാഖയുടെ പ്രവർത്തന സാധ്യതകളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ തന്നെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മേക്കിംഗ് ദ ബസ്റ്റ് മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) കാർഷിക മേഖലയായ നഗരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) നഗരൂർ ശാഖ തുടങ്ങുന്നതിന് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് സഹകരണ നിയമം വകുപ്പ് 74 (ബി) യ്ക്ക് അനുസൃതമല്ലാത്തതിനാലും, ടി ശാഖാ പരിധിയിൽ നഗരൂർ സർവീസ് സഹകരണ ബാങ്ക് പ്രവൃത്തിക്കുന്നതിനാൽ നഗരൂരിൽ ജില്ലാ സഹകരണ ബാങ്കിന് ശാഖ അനുവദിക്കരുതെന്ന് അപേക്ഷിച്ചുകൊണ്ട് നഗരൂർ സർവീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതി തീരുമാനമെടുത്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിനാൽ ശാഖ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ